**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ആദ്യമാദ്യം നിശ്ചയം ഉണ്ടായിരിക്കണം, നമ്മെ പഠിപ്പിക്കുന്നത് സ്വയം ശാന്തിസാഗരനും സുഖത്തിന്റെ സാഗരനുമായ ബാബയാണ്. ഏതൊരു മനുഷ്യനും ആർക്കും സുഖശാന്തി നൽകാൻ സാധിക്കില്ല.**

**ചോദ്യം** - ഏറ്റവും ഉയർന്ന ലക്ഷ്യം ഏതാണ്? ആ ലക്ഷ്യം നേടാനുള്ള പുരുഷാർത്ഥം എന്താണ്?
**ഉത്തരം** - ഒരേയൊരു ബാബയുടെ ഓർമ്മ പക്കയായിരിക്കണം, ബുദ്ധി മറ്റൊരു വശത്തേക്കും പോകരുത്. ഇതാണ് ഉയർന്ന ലക്ഷ്യം. ഇതിനു വേണ്ടി ആത്മാഭിമാനിയാകാനുള്ള പുരുഷാർത്ഥം ചെയ്യണം. എപ്പോൾ നിങ്ങൾ ആത്മാഭിമാനിയായിത്തീരുന്നുവോ അപ്പോൾ എല്ലാ തരത്തിലുള്ള വികാരി ചിന്തകളും സമാപ്തമായിത്തീരും. ബുദ്ധിയുടെ അലച്ചിൽ സമാപ്തമാകും. ദേഹത്തിലേക്ക് തീർത്തും ദൃഷ്ടി പോകരുത്, ഇതാണ് ലക്ഷ്യം. ഇതിനുവേണ്ടി ആത്മാഭിമാനിയാകൂ.

**ഓംശാന്തി**. ആത്മീയ കുട്ടികളെപ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുകയാണ് - ഇവരെ(ബ്രഹ്മാബാബയെ) ആത്മീയ അച്ഛൻ എന്നു പറയില്ല. ഇന്നത്തെ ദിവസത്തെ സദ്ഗുരുവാർ എന്നാണ് പറയുക. ഗുരുവാർ എന്നു പറയുന്നത് തെറ്റാണ്. സത്ഗുരുവാർ. ഗുരുക്കന്മാർ ധാരാളമുണ്ട്, സദ്ഗുരു ഒരാൾ മാത്രമാണ്. ധാരാളം പേർ ഇങ്ങനെയുമുണ്ട്, അവർ സ്വയത്തെ സദ്ഗുരുവെന്നും പറയും ഗുരു എന്നും പറയുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, ഗുരുവും സദ്ഗുരുവും വ്യത്യാസമുണ്ടെന്ന്. സത് അർത്ഥം സത്യം. സത്യം ഒരേയൊരു നിരാകാരനായ ഭഗവാനെയാണ് പറയുന്നത്, ഏതൊരു മനുഷ്യനെയുമല്ല. സത്യമായ ജ്ഞാനം ഒരേയൊരു പ്രാവശ്യം ജ്ഞാനസാഗരനായ ബാബയാണ് നൽകുന്നത്. ഒരു മനുഷ്യന് മറ്റൊരു മനുഷ്യന് ഒരിക്കലും സത്യമായ ജ്ഞാനം നൽകാൻ സാധിക്കില്ല. സത്യം ഒരേയൊരു നിരാകാരനായ ബാബയാണ്. ഇവരുടെ പേര് ബ്രഹ്മാവ് എന്നാണ്. ഇവർക്ക് ഒരിക്കലും ജ്ഞാനം നൽകാൻ സാധിക്കില്ല. ബ്രഹ്മാവിൽ ജ്ഞാനമൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഇപ്പോഴും ഇവരിൽ മുഴുവൻ ജ്ഞാനം ഇല്ല. സമ്പൂർണ്ണ ജ്ഞാനം ജ്ഞാനസാഗരനായ പരമപിതാവായ പരമാത്മാവിലാണ്. സ്വയത്തെ സദ്ഗുരുവാണ് എന്നു പറയാൻ യോഗ്യതയുള്ള ഒരു മനുഷ്യനും ഇപ്പോഴില്ല. സദ്ഗുരു അർത്ഥം സമ്പൂർണ്ണ സത്യം. നിങ്ങൾ എപ്പോഴാണോ സത്യമായിത്തീരുന്നത് അപ്പോൾ ഈ ശരീരം തന്നെ ഉണ്ടായിരിക്കുകയില്ല. മനുഷ്യനെ ഒരിക്കലും സദ്ഗുരു എന്നു പറയാൻ സാധിക്കില്ല. മനുഷ്യനിൽ ലേശം പോലും ശക്തിയില്ല. ബ്രഹ്മാബാബ സ്വയം പറയുന്നു, ഞാനും നിങ്ങളെപ്പോലെ മനുഷ്യനാണ്. ഇതിൽ ശക്തിയുടെ കാര്യം തന്നെ വരുന്നില്ല. ഇത് ബാബയാണ് പഠിപ്പിക്കുന്നത്, ബ്രഹ്മാവല്ല. ഈ ബ്രഹ്മാവുപോലും ശിവബാബയിൽ നിന്നും പഠിച്ചിട്ടാണ് പിന്നീട് പഠിപ്പിക്കുന്നത്. ഈ ബ്രഹ്മാകുമാരി-കുമാരന്മാരും പരമപിതാവായ പരമാത്മാവ് സദ്ഗുരുവിൽ നിന്നാണ് പഠിക്കുന്നത്. നിങ്ങൾക്ക് ബാബയിൽ നിന്നാണ് ശക്തി ലഭിക്കുന്നത്. ശക്തിയുടെ അർത്ഥം ആരെയെങ്കിലും മുഷ്ടി ചുരുട്ടി ഇടിച്ച് അവരെ താഴേക്ക് വീഴ്ത്തണമെന്നല്ല. ഇത് ആത്മീയ അച്ഛനിലൂടെ ലഭിക്കുന്ന ആത്മീയ ശക്തിയാണ്. ഓർമ്മയുടെ ശക്തിയിലൂടെ നിങ്ങൾ ശാന്തി നേടുന്നു. പഠിപ്പിലൂടെ നിങ്ങൾക്ക് സുഖവും ലഭിക്കുന്നു. എങ്ങനെയാണോ മറ്റുള്ള ടീച്ചർമാർ നിങ്ങളെ പഠിപ്പിക്കുന്നത് അതുപോലെ ബാബയും പഠിപ്പിക്കുന്നു. ഇവരും(ബ്രഹ്മാവ്) പഠിക്കുകയാണ് വിദ്യാർത്ഥിയാണ്. ദേഹധാരികളെല്ലാവരും വിദ്യാർത്ഥികളാണ്. ബാബയ്ക്ക് ദേഹമില്ല. ബാബ നിരാകാരനാണ്, അവരാണ് വന്ന് പഠിപ്പിക്കുന്നത്. എങ്ങനെയാണോ മറ്റുള്ള വിദ്യാർത്ഥികൾ പഠിക്കുന്നത് അതുപോലെ നിങ്ങളും പഠിക്കുന്നു. ഇതിൽ പ്രയത്നിക്കേണ്ടതായ കാര്യമില്ല. പഠിക്കുന്ന സമയത്ത് എപ്പോഴും ബ്രഹ്മചര്യവ്രതം ധാരണ ചെയ്യുന്നു. ബ്രഹ്മചര്യത്തിൽ പഠിച്ച്, പഠിപ്പ് പൂർത്തിയായ ശേഷമാണ് വികാരത്തിലേക്ക് വീഴുന്നത്. മനുഷ്യനെ കാണപ്പെടുന്നത് മനുഷ്യ രൂപത്തിൽ തന്നെയാണ്. പറയുന്നു ഇവർ ഇന്ന ആളാണ്, ഇവർ എൽ.എൽ.ബി പഠിച്ചവരാണ്, ഇവർ ഇന്ന ഓഫീസറാണ്. പഠിപ്പ് അനുസരിച്ചാണ് ടൈറ്റിൽ ലഭിക്കുന്നത്. ബാക്കി രൂപത്തിന് മാറ്റങ്ങളൊന്നും തന്നെ വരുന്നില്ല. ഭൗതികമായ പഠിപ്പിനെക്കുറിച്ച് നിങ്ങൾക്കറിയാം. സാധു- സന്യാസിമാരും ഏതെല്ലാം ശാസ്ത്രങ്ങളാണോ പഠിക്കുന്നത്-പഠിപ്പിക്കുന്നത്, അതിൽ യാതൊരു മഹിമയുമില്ല, അതിലൂടെയൊന്നും ശാന്തി ലഭിക്കുകയില്ല. സ്വയം ശാന്തിയ്ക്കുവേണ്ടി ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നു. വനത്തിൽ ശാന്തിയുണ്ടെങ്കിൽ പിന്നെ എന്തിനാണ് തിരികെ വരുന്നത്. ആർക്കും തന്നെ മുക്തിയെക്കുറിച്ച് അറിയുന്നില്ല. ആരാണോ രാമകൃഷ്ണപരമഹംസരെപ്പോലെയുള്ള നല്ല നല്ല പ്രശസ്തമായ സന്യാസിമാരുണ്ടായിരുന്നത് അവരും പുനർജന്മങ്ങളെടുത്തെടുത്ത് താഴേക്ക് ഇറങ്ങിയിട്ടുണ്ടാവും. ആർക്കും മുക്തി-ജീവന്മുക്തിയെക്കുറിച്ച് അറിയുന്നില്ല. തമോപ്രധാനമായിത്തീരുക തന്നെ വേണം. ആരോടെങ്കിലും ചോദിക്കൂ - നിങ്ങൾക്ക് ഗുരുവിൽ നിന്നും എന്താണ് ലഭിക്കുന്നതെന്ന്? അപ്പോൾ പറയും ശാന്തി ലഭിക്കുന്നു എന്ന്. പക്ഷേ ഒന്നും തന്നെ ലഭിക്കുന്നില്ല. ശാന്തിയുടെ അർത്ഥം തന്നെ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടി

കൾക്ക് അറിയാം, ബാബ ജ്ഞാനസാഗരനാണ്. മറ്റേതൊരു സാധുക്കൾക്കോ, സന്യാസിമാർക്കോ ഗുരുക്കന്മാർക്കോ ശാന്തിയുടെ സാഗരനായിത്തീരാൻ സാധിക്കില്ല. മനുഷ്യന് ആർക്കും സത്യമായ ശാന്തി നൽകാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ആദ്യമാദ്യം നിശ്ചയം ഉണ്ടായിരിക്കണം, ശാന്തിയുടെ സാഗരൻ ഒരേയൊരു ബാബയാണ് നമ്മെ പഠിപ്പിക്കുന്നത്. സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നുള്ളതും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഒരു മനുഷ്യനും മറ്റു മനുഷ്യർക്ക് സുഖ-ശാന്തി നൽകാൻ സാധിക്കില്ല. ഈ ബ്രഹ്മാവ് അവരുടെ രഥമാണ്. നിങ്ങളെപ്പോലൊരു വിദ്യാർത്ഥിയാണ്. ഇവരും ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നവരായിരുന്നു. കേവലം ബാബയ്ക്ക് തന്റെ രഥത്തെ ലോണായി കൊടുത്തു. അതും വാനപ്രസ്ഥ അവസ്ഥയിൽ. നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്ന ആൾ ഒരേയൊരു ബാബയാണ്. ആ ബാബ പറയുന്നു, എല്ലാവർക്കും നിർവ്വികാരിയായി മാറണം. ആർക്കാണോ സ്വയം ആയിത്തീരാൻ സാധിക്കാത്തത്, അവർ അനേക പ്രകാരത്തിലുള്ള കാര്യങ്ങൾ പറയും, ആക്ഷേപിക്കുകയും ചെയ്യും. അവർ ഇങ്ങനെ മനസ്സിലാക്കുന്നു, ഞങ്ങളുടെ ജന്മ-ജന്മാന്തരത്തെ ഭോജനം, അതായത് അച്ഛന്റെ സമ്പത്ത് ലഭിക്കുന്നതിൽ നിന്നും ഇവർ നമ്മെ പിന്തിരിപ്പിക്കുകയാണ്. മുക്തമാക്കുന്നത് പരിധിയില്ലാത്ത അച്ഛനാണ്. ബ്രഹ്മാവിനെയും ഇവർ തന്നെയാണ് മുക്തമാക്കിയത്. കുട്ടികളെയും രക്ഷിക്കാനായി പ്രയത്നിച്ചു, സാധിക്കുന്നവരെയെല്ലാം മുക്തമാക്കി. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മെ പഠിപ്പിക്കുന്നത് ഏതൊരു മനുഷ്യനുമല്ല. സർവ്വശക്തൻ എന്ന് ഒരേയൊരു നിരാകാരനായ ബാബയെയാണ് പറയുന്നത്. മറ്റാരെയും പറയാൻ സാധിക്കില്ല. ബാബയാണ് നമുക്ക് ജ്ഞാനം നൽകുന്നത്. ബാബ തന്നെയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്. ഈ വികാരം നിങ്ങളുടെ ഏറ്റവും വലിയ ശത്രുവാണ്. ഇതിനെ ഉപേക്ഷിക്കണം. ഇതിനെ ഉപേക്ഷിക്കാൻ സാധിക്കാത്തവരാണ് ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. വികാരത്തിനു വേണ്ടി പ്രശ്നങ്ങളുണ്ടാക്കുന്ന മാതാക്കളുമുണ്ട്.

നിങ്ങൾ ഇപ്പോൾ സംഗമയുഗത്തിലാണ്. ഇത് പുരുഷോത്തമസംഗമയുഗമാണെന്നുള്ളത് ആർക്കും തന്നെ അറിയില്ല. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. പലരും പൂർണ്ണ നിശ്ചയമുള്ളവരാണ്. ചിലർക്ക് പകുതി നിശ്ചയമാണ്. ചിലർക്ക് 100%, 10% നിശ്ചയമുള്ളവരുമുണ്ട്. ഇപ്പോൾ ഭഗവാൻ ശ്രീമതം നൽകുകയാണ്, കുട്ടികളേ എന്നെ ഓർമ്മിക്കൂ. ഇതാണ് ബാബയുടെ ഏറ്റവും വലിയ ആജ്ഞ. നിശ്ചയമുണ്ടെങ്കിൽ മാത്രമേ ആ ആജ്ഞയനുസരിച്ച് മുന്നേറാൻ സാധിക്കൂ. ബാബ പറയുന്നു - എന്റെ മധുരമധുരമായ കുട്ടികളേ, നിങ്ങൾ സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ബ്രഹ്മാവിനെ ഓർമ്മിക്കരുത്. ബാബ ബ്രഹ്മാവിലൂടെ നിങ്ങളോട് പറയുകയാണ്. എങ്ങനെയാണോ നിങ്ങൾ കുട്ടികൾ പഠിക്കുന്നത്, അതുപോലെ ഇവരും പഠിക്കുന്നു. എല്ലാവരും വിദ്യാർത്ഥികളാണ്. പഠിപ്പിക്കുന്ന ആൾ ഒരേയൊരു ടീച്ചറാണ്. പുറമെ മനുഷ്യരാണ് പഠിപ്പിക്കുന്നത്. ഇവിടെ നിങ്ങളെ ഈശ്വരനാണ് പഠിപ്പിക്കുന്നത്. നിങ്ങൾ ആത്മാക്കൾ പഠിക്കുന്നു. നിങ്ങൾ പിന്നീട് പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ വളരെയധികം ആത്മാഭിമാനിയായി മാറണം. വക്കീലായും, എഞ്ചിനിയറായും മാറുന്നത് ആത്മാവാണ്. ആത്മാക്കൾക്ക് ഇപ്പോൾ ദേഹാഭിമാനം വന്നുകഴിഞ്ഞു. ആത്മാഭിമാനിയ്ക്കു പകരം ഇപ്പോൾ ദേഹാഭിമാനിയായി മാറിക്കഴിഞ്ഞു. ആത്മാഭിമാനിയായിരുന്നപ്പോൾ വികാരി എന്നു പറയാൻ സാധിക്കില്ല. അവർക്ക് ഒരിക്കലും വികാരി ചിന്തകൾ വരാൻ സാധിക്കില്ല. ദേഹാഭിമാനത്തിലൂടെയാണ് വികാരി ചിന്തനങ്ങൾ വരുന്നത്. പിന്നീട് വികാരി ദൃഷ്ടിയിലൂടെയാണ് നോക്കുന്നതും. ദേവതകൾക്ക് ഒരിക്കലും വികാരി ദൃഷ്ടി ഉണ്ടായിരിക്കുകയില്ല. ജ്ഞാനത്തിലൂടെ ദൃഷ്ടിയിൽ പരിവർത്തനമുണ്ടാവുന്നു. സത്യയുഗത്തിൽ ഇങ്ങനെ ഒരിക്കലും സ്നേഹിക്കുകയോ നൃത്തം വെക്കുകയോ ചെയ്യുന്നില്ല. അവിടെ സ്നേഹിക്കും പക്ഷേ ഒരിക്കലും വികാരത്തിന്റെ ദുർഗ്ഗന്ധം ഉണ്ടാവില്ല. ജന്മന്മാന്തരം വികാരത്തിലേക്ക് പോയതുകൊണ്ട് ആ ലഹരി ഇല്ലാതായിത്തീരാൻ വളരെ ബുദ്ധിമുട്ടാണ്. ബാബ നിർവ്വികാരിയാക്കി മാറ്റുന്നു, അപ്പോൾ ചില കുട്ടികൾ വളരെ ദൃഢതയോടെ നിൽക്കുന്നു. ഞങ്ങൾക്ക് എന്തായാലും പൂർണ്ണ നിർവ്വികാരിയായി മാറുക തന്നെ വേണം. ഞങ്ങൾ ഒറ്റയ്ക്കായിരുന്നു, ഇനി ഒറ്റയ്ക്കു തന്നെ തിരികെ പോകണം. അവരെ ആരെങ്കിലും സ്പർശിച്ചാൽ തന്നെ അവർക്ക് അത് ഇഷ്ടപ്പെടില്ല. അവർ നമ്മെ എന്തിനാണ് സ്പർശിക്കുന്നത്, ഇവരിൽ വികാരത്തിന്റെ ദുർഗ്ഗന്ധമുണ്ടെന്ന് പറയും. വികാരികൾ ഞങ്ങളെ സ്പർശിക്കരുത്. ഈ ലക്ഷ്യം വരെയ്ക്ക് എത്തിച്ചേരണം. ദേഹത്തിലേക്ക് തീർത്തും ദൃഷ്ടി പോകരുത്. ആ കർമ്മാതീതഅവസ്ഥ ഇപ്പോൾ ഉണ്ടാക്കണം. ഇപ്പോൾ വരെയ്ക്കും ആത്മാവിനെ മാത്രം കാണാനുള്ള അഭ്യാസം വരെ ആയിട്ടില്ല. ഇതാണ് ലക്ഷ്യം. ബാബ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട് - കുട്ടികളേ, സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ഈ ശരീരമാകുന്ന വേഷത്തിലിരുന്നുകൊണ്ട് നിങ്ങൾ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. പലരും പറയാറുണ്ട് ഇവരിൽ ശക്തിയുണ്ടെന്ന്. പക്ഷേ ശക്തിയുടെ കാര്യമല്ല, ഇവിടെ പഠിപ്പാണ്. എങ്ങനെയാണോ മറ്റുള്ളവർ പഠിക്കുന്നത്, അതുപോലെ ഇവരും പഠിക്കുന്നു. പവിത്രതയുടെ കാര്യത്തിൽ എത്രയാണ് ബുദ്ധിമുട്ടേണ്ടതായി വരുന്നത്. വളരെയേറെ പ്രയത്നമാണ് അതുകൊണ്ടാണ് ബാബ പറയു

ന്നത് പരസ്പരം ആത്മാവിനെ കാണൂ എന്ന്. സത്യയുഗത്തിൽ നിങ്ങൾ ആത്മാഭിമാനിയായിരിക്കുന്നു. അവിടെ രാവണരാജ്യമില്ല വികാരത്തിന്റെ കാര്യമില്ല. ഇവിടെ രാവണരാജ്യത്തിൽ എല്ലാവരും വികാരിയാണ്. അതുകൊണ്ടാണ് ബാബ വന്ന് നിർവ്വികാരിയാക്കി മാറ്റുന്നത്. നിർവ്വികാരിയായില്ലെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടതായി വരും. ആത്മാവിന് പവിത്രമാകാതെ മുകളിലേക്ക് പോകാൻ സാധിക്കില്ല. കർമ്മക്കണക്കുകൾ തീർക്കണം. എന്നാലും പദവി കുറയും. ഇവിടെ രാജധാനിയുടെ സ്ഥാപനയാണ് നടന്നുകൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് അറിയാം സ്വർഗ്ഗത്തിൽ ഒരേയൊരു ആദിസനാതന ദേവീദേവതാധർമ്മത്തിന്റെ രാജ്യമായിരുന്നു ഉണ്ടായിരുന്നത്. ആദ്യം ഒരു രാജാവും റാണിയുമായിരിക്കും പിന്നീടാണ് രാജധാനി ഉണ്ടാകുന്നത്. ധാരാളം പ്രജകൾ ഉണ്ടാവും. അതിൽ അവസ്ഥകളിൽ വ്യത്യാസമുണ്ടാകുന്നു. ആർക്കാണോ പൂർണ്ണ നിശ്ചയമില്ലാത്തത് അവർക്ക് പൂർണ്ണമായും പഠിക്കാൻ സാധിക്കില്ല. പവിത്രമാകാൻ സാധിക്കില്ല. അരക്കല്പത്തെ പതിത ആത്മാവ് ഒരു ജന്മം കൊണ്ട് 21 ജന്മത്തേക്ക് പാവനമായിത്തീരുക – അമ്മായിയുടെ വീടല്ലല്ലോ. മുഖ്യമായും കാമവികാരത്തിന്റെ കാര്യമാണ്. ക്രോധത്തിന് ഇത്രയ്ക്കില്ല. എവിടേക്കെങ്കിലും ബുദ്ധി പോകുന്നു എങ്കിൽ തീർച്ചയായും ബാബയെ ഓർമ്മിക്കുന്നില്ല. ബാബയുടെ ഓർമ്മ പക്കാ ആയി എങ്കിൽ മറ്റെവിടേക്കും ബുദ്ധി പോവുകയില്ല. വളരെ ഉയർന്ന ലക്ഷ്യമാണ്. പവിത്രതയുടെ കാര്യം കേട്ട് അഗ്നിയിൽ എരിയുന്നതിനു സമാനമാണ്. ഈ കാര്യങ്ങൾ മറ്റാരും തന്നെ പറയുന്നതു കേട്ടിട്ടില്ലല്ലോ എന്നു പറയും. ഏതൊരു ശാസ്ത്രങ്ങളിലുമില്ല. വളരെയധികം ബുദ്ധിമുട്ടാണെന്നു മനസ്സിലാക്കുന്നു. നിവൃത്തിമാർഗ്ഗത്തിലെ ധർമ്മം വേറെയാണ്. അവർക്ക് പുനർജന്മങ്ങളെടുത്ത് വീണ്ടും സന്യാസധർമ്മത്തിലേക്ക് വരണം, അതേ സംസ്കാരം കൊണ്ടു പോകുന്നു. നിങ്ങൾക്ക് വീടും കുടുംബവുമൊന്നും തന്നെ ഉപേക്ഷിക്കേണ്ടതില്ല. മനസ്സിലാക്കിത്തന്നിട്ടുണ്ട് വീട്ടിൽ ഇരുന്നുകൊണ്ട് അവർക്കും മനസ്സിലാക്കികൊടുക്കൂ ഇപ്പോൾ സംഗമയുഗമാണെന്നുള്ളത്. പവിത്രമാകാതെ ഒരിക്കലും സത്യയുഗത്തിൽ ദേവതയായിത്തീരാൻ സാധിക്കില്ല. കുറച്ചെങ്കിലും ജ്ഞാനം കേട്ടാൽ അവർ പ്രജകളായിത്തീരുന്നു. പ്രജകൾ ധാരാളമുണ്ടല്ലോ. സത്യയുഗത്തിൽ മന്ത്രിയുണ്ടാകില്ല കാരണം ബാബ ഇവിടെ നമ്മെ സമ്പൂർണ്ണ ജ്ഞാനിയാക്കി മാറ്റുന്നു. അജ്ഞാനികൾക്കാണ് മന്ത്രിയുടെ ആവശ്യം. ഈ സമയത്ത് നോക്കൂ പരസ്പരം ഓരോരുത്തരെ എങ്ങനെയാണ് വധിക്കുന്നത്, ശത്രുക്കളുടെ സ്വഭാവം എത്ര കടുത്തതാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, നമ്മൾ ഈ പഴയ ശരീരത്തെ ഉപേക്ഷിച്ച്, പോയി പുതിയത് എടുക്കുന്നു. ഇത് അത്ര വലിയ കാര്യമാണോ! മറ്റുള്ളവർ ദുഖത്തിൽ മരണപ്പെടുന്നു, നിങ്ങൾ സുഖത്തിൽ ബാബയുടെ ഓർമ്മയിൽ പോകുന്നു. എത്രത്തോളം നിങ്ങൾ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുവോ അത്രത്തോളം മറ്റെല്ലാ കാര്യങ്ങളും മറന്നു പോകും. വേറൊന്നും തന്നെ ഓർമ്മയുണ്ടാകില്ല. പക്ഷേ ഈ അവസ്ഥ അപ്പോഴെ ഉണ്ടാകൂ എപ്പോഴാണോ പക്കാ നിശ്ചയമുണ്ടാകുന്നത്. നിശ്ചയമില്ലെങ്കിൽ ഓർമ്മ നിലനിൽക്കുകയില്ല. പേരിനുമാത്രമുള്ള ഓർമ്മയായിരിക്കും. നിശ്ചയമില്ലെങ്കിൽ ആരെ ഓർമ്മിക്കാനാണ്. എല്ലാവർക്കും ഒരേപോലുള്ള നിശ്ചയമല്ലല്ലോ. മായ നിശ്ചയത്തിൽ നിന്നും അകറ്റുന്നു. അപ്പോൾ ആദ്യം വന്നതുപോലെയായിത്തീരുന്നു. ആദ്യമാദ്യം ബാബയിൽ നിശ്ചയമുണ്ടായിരിക്കണം. ഇത് അച്ഛനാണോ എന്ന സംശയമുണ്ടാകുമോ. പരിധിയില്ലാത്ത അച്ഛനാണ് ജ്ഞാനം നൽകുന്നത്. ബ്രഹ്മാബാബ പറയുമായിരുന്നു എനിക്ക് സൃഷ്ടിയുടെ രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചും അറിയില്ലായിരുന്നു. ഞാൻ 12 ഗുരുക്കന്മാരെ സ്വീകരിച്ചിരുന്നു, എല്ലാവരെയും ഉപേക്ഷിക്കേണ്ടതായി വന്നു. ഗുരുക്കന്മാർ ഈ ജ്ഞാനം നൽകിയില്ല. സദ്ഗുരു പെട്ടെന്നു വന്ന് പ്രവേശിച്ചു. എന്തു സംഭവിച്ചു എന്ന് അറിയില്ലായിരുന്നു. ഗീതയിൽ അർജുനന് സാക്ഷാത്കാരം ചെയ്യിപ്പിച്ചു എന്നുണ്ടായിരുന്നല്ലോ. അർജുനന്റെ കാര്യമല്ല, ഇത് രഥമാണ്, ബ്രഹ്മാബാബയും ആദ്യം ഗീത പഠിച്ചിരുന്നു. ബാബ പ്രവേശിച്ചു, സാക്ഷാത്കാരം ചെയ്യിച്ചു, ഈ ജ്ഞാനം നൽകാൻ ബാബയ്ക്കു മാത്രമേ സാധിക്കൂ എന്നു മനസ്സിലായി. അപ്പോൾ ആ ഗീതയെ ഉപേക്ഷിച്ചു. ബാബ ജ്ഞാനസാഗരനാണ്. നമുക്കും അവർ തന്നെയാണല്ലോ പറഞ്ഞുതരുന്നത്. ഗീതയുടെ മാതാവും പിതാവും. അവരെ തന്നെയാണ് ത്വമേവ മാതാശ്ച്യപിതാ ത്വമേവ എന്നു പറയുന്നത്. ബാബ രചന രചിക്കുന്നു അതിനെ ദത്തെടുക്കുന്നു. ഈ ബ്രഹ്മാവും നിങ്ങളെപ്പോലെയാണ്. ബാബ പറയുന്നു എപ്പോഴാണോ ഇവരുടെ വാനപ്രസ്ഥ അവസ്ഥയുണ്ടാകുന്നത് അപ്പോഴാണ് ബാബ പ്രവേശിക്കുന്നത്. കുമാരിമാർ പവിത്രമാണ്. അവർക്ക് സഹജമാണ്. വിവാഹത്തിനുശേഷം എത്ര സംബന്ധമാണ് വർദ്ധിക്കുന്നത്. അതുകൊണ്ടാണ് ദേഹിഅഭിമാനിയായിത്തീരുന്നതിൽ പ്രയത്നമുണ്ടാകുന്നത്. വാസ്തവത്തിൽ ആത്മാവ് ശരീരത്തിൽ നിന്നും വേറിട്ടതാണ്. പക്ഷേ അരക്കല്പം ദേഹാഭിമാനിയായിരുന്നു. ബാബ വന്ന് ഈ അന്തിമജന്മത്തിൽ ദേഹിഅഭിമാനിയാക്കി മാറ്റുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പുരുഷാർത്ഥം ചെയ്ത് ചെയ്ത് എത്ര കുറച്ചു പേരാണ് പാസ്സാകുന്നത്. അഷ്ടരത്നങ്ങൾ ഉണ്ടാകുന്നു. സ്വയത്തോട് ചോദിക്കൂ – നമ്മുടെ ലൈൻ ക്ലിയറാണോ(വ്യക്തമാണോ)? ഒരേയൊരു ബാബയെക്കൂടാതെ മറ്റൊന്നും തന്നെ ഓർമ്മ വരുന്നില്ലല്ലോ? ഈ അവസ്ഥ അവസാനസമയത്തു മാത്രമേ ഉണ്ടാകൂ. ആത്മാഭിമാനിയാകുന്ന കാര്യത്തിൽ വളരെയധികം പ്രയത്നമാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം -

1. ജ്ഞാനത്തിലൂടെ തന്റെ ദൃഷ്ടിയെ പരിവർത്തനപ്പെടുത്തണം. ആത്മാഭിമാനിയായി വികാരി ചിന്തകളെ സമാപ്തമാക്കണം. ഏതൊരു വികാരത്തിന്റെ ദുർഗ്ഗന്ധവും ഉണ്ടായിരിക്കരുത്. ദേഹത്തിലേക്ക് തീർത്തും ദൃഷ്ടി പോകരുത്.

2. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത് - എന്ന പക്കാ നിശ്ചയമുണ്ടെങ്കിൽ മാത്രമേ ഓർമ്മ ഉറച്ചതാകൂ. ശ്രദ്ധയുണ്ടായിരിക്കണം, മായ നിശ്ചയത്തെ ലേശം പോലും ഇളക്കരുത്.

## വരദാനം - സേവാഭാവത്തോടെ സേവനം ചെയ്തുകൊണ്ട് മുന്നേറുന്ന മുന്നേറാൻ സഹായിക്കുന്ന നിർവിഘ്ന സേവാധാരിയായി ഭവിയ്ക്കട്ടെ.

സേവാ ഭാവം സഫലത നൽകുന്നു. സേവാ ഭാവത്തിൽ അഹംഭാവം വന്നു എങ്കിൽ അതിനെ സേവാ ഭാവം എന്നു പറയില്ല. ഏതെങ്കിലും സേവനത്തിൽ അഹംഭാവം കലർന്നു എങ്കിൽ, പ്രയത്നവും സമയവും വർദ്ധിക്കുന്നു. സ്വയം സന്തുഷ്ടമാവുകയുമില്ല. എന്നാൽ സേവാ ഭാവനയുളള കുട്ടികൾ സ്വയം മുന്നേറുകയും മറ്റുളളവരെ മുന്നോട്ടു കൊണ്ടു പോകാൻ സഹായിക്കുകയും ചെയ്യുന്നു. അവർ സദാ പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്നു. അവരുടെ ഉണർവ്വും ഉത്സാഹവും സ്വയം നിർവ്വിഘ്നമാക്കുകയും മറ്റുളളവരുടെ മംഗളം ചെയ്യാൻ നിമിത്തമാകുകയും ചെയ്യുന്നു.

## സ്ലോഗൻ - ആരാണോ സൂക്ഷ്മ ആകർഷണമുളള ചരടുകളിൽ നിന്നു പോലും മുക്തമാകുന്നത് അവരാണ് ജ്ഞാനീതൂ ആത്മാക്കൾ.